**കുടുംബശ്രീ സംസ്ഥാനമിഷന് വേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIMK) കോഴിക്കോട് സംഘടിപ്പിച്ച ദ്വിദിന പരിശീലന പരിപാടി സംബന്ധിച്ച്**

21/07/2017 ന് രാവിലെ 9.30 ന് തന്നെ പരിപാടിയുടെ കോ-ഓഡിനേറ്ററായ പ്രൊഫ. പ്രിയ നായർ രാജീവ് ഓർഗനൈസേഷന്റെ സ്ട്രക്ച്ചറിനെ കുറിച്ച് ക്ലാസ്സ് എടുത്തു. ക്ലാസ്സ് വളരെ മെച്ചപ്പെട്ടതായിരുന്നു.

11.00 മണിക്ക് ടീ ബ്രേക്ക്. അതിന് ശേഷം ക്ലാസ്സ് വീണ്ടും തുടർന്നു. ക്ലാസ്സ് 6 ഗ്രൂപ്പുകളായി തിരിക്കുകയും ഓർഗനൈസേഷണൽ എക്സലൻസിനെ സംബന്ധിച്ച ഒരു വർക്ക് ഷീറ്റ് ഓരോ ഗ്രൂപ്പിന് നൽകുകയും ഓരോ ഗ്രൂപ്പും ചർച്ച ചെയ്ത് വർക്ക് ഷീറ്റിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുകയും ആയത് ഗ്രൂപ്പിലെ ഒരാൾ അവതരിപ്പിക്കുകയും ചെയ്തു. ഓരോ ഗ്രൂപ്പും വർക്ക് ഷീറ്റ് അവതരിപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട പല ചോദ്യങ്ങളും ചർച്ചകളും ക്ലാസ്സിൽ നടന്നു. അതിന് ശേഷം 1.00 മണിയോട് കൂടി ഉച്ചഭക്ഷണത്തിന് പിരിഞ്ഞു. ഭക്ഷണത്തിന് പലതരം വിഭവങ്ങൾ ഉണ്ടായിരുന്നു. അതിന് ശേഷം 2.00 മണിക്ക് വീണ്ടും ക്ലാസ്സ് ആരംഭിക്കുകയും ക്ലാസ്സ് 'Social Leadership Modal for Excellancy' എന്ന വിഷയവുമായിട്ടായിരുന്നു. ക്ലാസ്സ് കൈകാര്യം ചെയ്തത് ഡോ. സിമി ജോയ് ആയിരുന്നു. ക്ലാസ്സ് വളരെ ഫലപ്രദമായിരുന്നു. 3.30 ന് ചായ കുടിച്ചു. അതിന് ശേഷം വീണ്ടും ക്ലാസ്സ് തുടർന്നു. ക്ലാസ്സിന് ശേഷം ചർച്ചയും ചോദ്യോത്തര വേളയും ഉണ്ടായിരുന്നു. അതിനിടയിൽ ഒന്നാമത്തെ ദിവസം തന്നെ ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തിരുന്നു. ക്ലാസ്സിന് ശേഷം 4.30 ന് ഐ ഐ എം ലെ മ്യൂസിയം കാണാൻ എല്ലാവരും പുറപ്പെട്ടു. മരത്തിൽ കൊത്തിയുണ്ടാക്കിയ പല സ്റ്റാച്ച്യൂകളും കാണാൻ കഴിഞ്ഞു. സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പുള്ള പല ഫോട്ടോകളും പല നേതാക്കന്മാരുടെ ഫോട്ടോകളും കണ്ടു. അതിന് ശേഷം ഇന്ത്യയുടെ ബഹിരാകാശ പേടക വിക്ഷേപണവുമായി ബന്ധപ്പെട്ട ഒരു സി ഡി സ്ക്രീനിൽ കാണിച്ചു. അതിന്ശേഷം 7.30 മുതൽ രാത്രി ഭക്ഷണം.

22/07/2017 - രാവിലെ 6.30 ന് യോഗ സെഷൻ നടക്കുമെന്ന് പറഞ്ഞെങ്കിലും ഏകദേശം 7 മണിയോട് കൂടിയാണ് യോഗ ആരംഭിച്ചത്. യോഗ ക്ലാസ്സ് ഒരുമണിക്കൂർ നീണ്ടു നിന്നു. ആയത് വളരെയേറെ പ്രയോജനപ്പെട്ടു. 9.00 മണിക്ക് ബ്രേക്ക് ഫാസ്റ്റ്. അതിന് ശേഷം 9.30 ന് വീണ്ടും ക്ലാസ്സ് തുടങ്ങി. കഴിഞ്ഞ ദിവസത്തെ ക്ലാസ്സിലെ ഇംഗ്ലീഷ് ഭാഷയുടെ അതിപ്രസരത്തെ കുറിച്ച് അഭിപ്രായം പറഞ്ഞിരുന്നു. അതു കൊണ്ട് തന്നെ ഇന്നത്തെ ക്ലാസ്സ് കുറച്ചു കൂടി മലയാളത്തിലാക്കാൻ സംഘാടകർ ശ്രമിച്ചിരുന്നു. പ്രിയ മാഡം ആയിരുന്നു ക്ലാസ്സ് എടുത്തത്. 'Elements of Systamatic change and How to get change Rolling' എന്ന വിഷയത്തിലായിരുന്നു ക്ലാസ്സ്. അതിന് ശേഷം 1.00 മണിക്ക് ഉച്ചഭക്ഷണം. 2 മണിക്ക് വീണ്ടും ക്ലാസ്സ്. ടീം വർക്കിനെ കുറിച്ച് ഡെമോൺസ്ട്രേഷൻ ക്ലാസ്സ് ആയിരുന്നു. വീണ്ടും ഗ്രൂപ്പാവുകയും ഓരോ

ഗ്രൂപ്പിനും കുറച്ച് മെറ്റീരിയൽസും കൊടുക്കുകയും അത് ഉപയോഗിച്ച് കുടുംബശ്രീയുടെ ആശയം വ്യക്തമാക്കുന്ന ഏറ്റവും ഉയരം കൂടിയ ടവർ ഉണ്ടാക്കണമെന്നും നിർദ്ദേശിച്ചു. ടവർ ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ പ്രിയ മാഡം ഓരോ ഗ്രൂപ്പിൽ നിന്നും ഒരാളെ വിളിക്കുകയും അവർ ഉൾപ്പെട്ട ഗ്രൂപ്പുകൾ ചെയ്യുന്ന കാര്യങ്ങൾ നിരീക്ഷിക്കാനും ഗ്രൂപ്പിന്റെ ഗുണങ്ങളും ദോഷങ്ങളും ശ്രദ്ധിച്ച് പിന്നീട് അവതരിപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. ആയത് വളരെ രസകരമായിരുന്നു. 5.00 മണിക്ക് സർട്ടിഫിക്കറ്റ് വിതരണം നടത്തി. ട്രെയിനീസിൽ നിന്നും 2 പേർ നന്ദി രേഖപ്പെടുത്തി. 5.45 ന് ട്രെയിനിംഗ് അവസാനിച്ചു. 2 ദിവസത്തെ പരിശീലനം കൊണ്ട് കുറെ കാര്യങ്ങൾ പഠിക്കാനും മനസ്സിലാക്കാനും കഴിഞ്ഞു.

ബിന്ദു പി കെ
അസി.ജില്ലാമിഷൻകോ-ഓഡിനേറ്റർ
കുടുംബശ്രീ, കണ്ണൂർ